## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 587     28.10.2016-ലെ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ റണ്ണിംഗ് ടൈം

**ചോദ്യം**

ശ്രീ. ടി. വി. ഇബ്രാഹിം
" ടി.എ.അഹമ്മദ് കബീർ
" മഞ്ഞളാംകുഴി അലി
" പി.കെ.കുഞ്ഞാലിക്കുട്ടി

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ റണ്ണിംഗ് ടൈം ഓരോ വിഭാഗം വാഹനത്തിനും വേർതിരിച്ചു നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഡ്രൈവർമാരുടെ ഒരു ഡ്യൂട്ടി കണക്കാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും അതിനുള്ള പരമാവധി സമയവും ദൂരവും സംബന്ധിച്ച വിശദവിവരം നല്കാമോ; | (ബി) | മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരമാണ് ഡ്യൂട്ടി നിശ്ചയിച്ചിരിക്കുന്നത്. വിശ്രമം ഉൾപ്പെടെ ഒരു ഡ്യൂട്ടിക്ക് അനുവദിച്ചിരിക്കുന്ന പരമാവധി സമയം 8 മണിക്കൂർ ആണ്. വിവിധതരം സർവ്വീസുകൾക്ക് അനുവദിച്ചിരിക്കുന്ന ദൂരം വ്യത്യസ്തമാണ്. വിശദവിവരം താഴെ പറയുന്നു.<br>സിറ്റി ഓർഡിനറി : 110 മുതൽ 125 കി.മീ. വരെ<br>മൊഫ്യൂസിൽ ഓർഡിനറി : 125 മുതൽ 150 കി.മീ. വരെ<br>ഫാസ്റ്റ് പാസഞ്ചർ : 200 മുതൽ 225 കി.മീ. വരെ<br>സൂപ്പർ ഫാസ്റ്റ് മുതൽ സ്കാനിയ വരെയുള്ള സർവ്വീസുകളിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | തുടർച്ചയായി ഒന്നിലേറെ ഡ്യൂട്ടി നല്കാറുണ്ടോ; എങ്കിൽ പരമാവധി എത്ര ഡ്യൂട്ടി വരെ തുടർച്ചയായി നല്കിയിട്ടുണ്ടെന്നതിന്റെ വിശദ വിവരം വ്യക്തമാക്കുമോ? | (സി) | നൽകാറുണ്ട്. പരമാവധി 5 ഡ്യൂട്ടി വരെ തുടർച്ചയായി നൽകിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞ് മതിയായ വിശ്രമം നൽകിയശേഷം തിരികെ സ്റ്റാർട്ടിംഗ് പോയിന്റിൽ എത്തവേ സഞ്ചരിച്ച മുഴുവൻ ദൂരം ഒരുമിച്ച് കണക്കാക്കിയാണ് ഡ്യൂട്ടി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സർവ്വീസിന്റെ തരം | സിംഗിൾ ലൈൻ (മിനിറ്റ്/കി.മീ.) | ഡബിൾ ലൈൻ (മിനിറ്റ്/കി.മീ.) | ഫോർ ലൈൻ (മിനിറ്റ്/കി.മീ.) | സിറ്റി (മിനിറ്റ്/കി.മീ.) |
|---|---|---|---|---|
| ഓർഡിനറി | 2.5 | 2.25 | 2.0 | 3.0 |
| ഫാസ്റ്റ് പാസഞ്ചർ | 2.0 | 1.75 | 1.5 | 2.25 |
| സൂപ്പർ ഫാസ്റ്റ് | 1.75 | 1.5 | 1.25 | 2.0 |
| സൂപ്പർ എക്സ്പ്രസ് | 1.75 | 1.5 | 1.25 | 2.0 |
| സൂപ്പർ ഡീലക്സ് | 1.75 | 1.5 | 1.25 | 2.0 |
| ഹൈടെക് | 1.75 | 1.5 | 1.25 | 2.0 |

സെക്ഷൻ ഓഫീസർ